പതിനാലാം കേരള നിയമസഭാ
നാലാം സമ്മേളനം
ചോദ്യം നം. 4055 16-03-2017-ലെ മറുപടിക്ക്

**അഭിഭാഷകരുടെ ക്ഷേമനിധി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് . പി | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും മന്ത്രി |

| | |
|---|---|
| (എ) പുതുതായി പ്രാക്ടീസ് ആരംഭിക്കുന്ന ജൂനിയർ അഭിഭാഷകർക്ക് അഭിഭാഷകരുടെ ക്ഷേമനിധിയിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത കാലയളവിലേയ്ക്കായി പ്രതിമാസ അലവൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുപ്പത് വയസ്സ് പൂർത്തിയാകാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ എൻറോൾ ചെയ്ത ജൂനിയർ അഭിഭാഷകർക്ക് 3 വർഷം വരെ കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നതിനായി വ്യവസ്ഥ ഉൾപ്പെടുത്തി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) വരുമാനമില്ലായ്മ ജൂനിയർ അഭിഭാഷകരുടെ നിലനില്പിനെ ബാധിക്കുന്നുണ്ടെന്നുള്ളത് കണക്കിലെടുത്ത് ഈ വിഭാഗത്തിനായി സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | വരുമാനമില്ലായ്മ ജൂനിയർ അഭിഭാഷകരുടെ നിലനില്പിനെ ബാധിക്കരുതെന്ന വിലയിരുത്തലിനെ തുടർന്നാണ് മേൽപ്രകാരം നിയമം ഭേദഗതി ചെയ്ത് ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചത്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ